# കേരള സർവകലാശാല

നം. പി.ആർ.129/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി പരീക്ഷ

2018 ജൂലൈയിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി (CBCSS stream & old scheme)ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂൺ 19 വരെയും 50 രൂപ പിഴയോട് കൂടി ജൂൺ 21 വരെയും 125 രൂപ പിഴയോടുകൂടി ജൂൺ 23 വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

### നാലാം സെമസ്റ്റർ എം.എ, എം.എസ്.സി,എം.കോം,എം.എസ്.ഡബ്യ്യൂ,എം.പി.എ, എം.എം.സി.ജെ പരീക്ഷ

ജൂലൈ 30 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.എസ്.ഡബ്യ്യൂ, എം.പി.എ, എം.എം.സി.ജെ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 18 ന് ആരംഭിക്കും. പിഴ കൂടാതെ ജൂൺ 26 വരെയും 50/- രൂപ പിഴയോടുകൂടി ജൂൺ 28 വരെയും 125/- രൂപ പിഴയോടു കൂടി ജൂലൈ 02 വരെയും ഫീസടക്കാവുന്നതാണ്. വിശദവിവരങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

### കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ പരീക്ഷാഫലം

2017 ജൂലൈയിൽ നടന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്.സി. എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (2016 അഡ്മിഷൻ - റെഗുലർ, 2015 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, 2013 & 2014 അഡ്മിഷൻ -സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ വിവരങ്ങൽ വെബ്സൈറ്റിൽ ലഭ്യമാണ്.

### രണ്ടാം സെമസ്റ്റർ ബി.എസ്.സി ഫലം

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എസ്.സി (ബയോടെക്നോളജി - മൾട്ടിമേജർ (350) റെഗുലർ 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്റി 2015 അഡ്മിഷൻ, സപ്ലിമെന്ററി 2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്.സൂക്ഷമപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂലൈ 6 വരെ ഓൺലൈനായി അപേക്ഷിക്കാം.

## രണ്ടാം വർഷ എം.എച്ച്.എ സപ്ലിമെന്ററി പരീക്ഷ

ജൂലൈ 25 ന് ആരംഭിക്കുന്ന രണ്ടാം വർഷ എം.എച്ച്.എ സപ്ലിമെന്ററി പരീക്ഷക്ക് പിഴയില്ലാതെ ജൂൺ 16, 50 രൂപ പിഴയോടെ ജൂൺ 19, 125 രൂപ പിഴ യോടെ ജൂൺ 21 വരെ നേരിട്ട് അപേക്ഷിക്കാം.

## പി.ജി.ഡിപ്ലോമ ഇൻ യോഗാതെറാപ്പി (മോർണിംഗ് ബാച്ച്) സീറ്റൊഴിവ്

കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ യോഗാതെറാപ്പി (മോർണിംഗ് ബാച്ച്) കോഴ്സിന് എതാനും സീറ്റൊഴിവുണ്ട്. ക്ലാസ്സുകൾ ജൂൺ 20ന് ആരംഭിക്കും.
അടിസ്ഥാന യോഗ്യത – കേരള സർവ്വകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ. സമയം – രാവിലെ ഏഴ് മുതൽ ഒൻപത് (7 am to 9 am) വരെ. കോഴ്സ് ഫീസ് – Rs.19,500/. അപേക്ഷ ഫീസ്– 100 രൂപ.താല്പര്യമുളളവർ പി.എം.ജി. ജംങ്ഷ നിലെ CACEE ഓഫീസുമായി ബന്ധപ്പെടുക
ഫോൺ – 0471–2302523

## പി.ജി.സർട്ടിഫിക്കേറ്റ് ഇൻ ടി.വി.ന്യൂസ് ജേർണലിസം തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി.സർട്ടിഫിക്കേറ്റ് ഇൻ ടി.വി.ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ സമർപ്പിയ്ക്കാനുളള അവസാന തീയതി ജൂൺ 12 വരെ നീട്ടി.
യോഗ്യത – കേരള സർവ്വകലാശാല അംഗീകരിച്ച ബിരുദം
കോഴ്സ് കാലാവധി – ആറ് (6) മാസം
ഫീസ് – Rs.10,500/– രൂപ. അപേക്ഷ ഫീസ് – 150 രൂപ
അപേക്ഷ ഫോറം പി.എം.ജി.ജംഗ്ഷനിലെ CACEE ഓഫീസിൽ ലഭിയ്ക്കും
ഉയർന്ന പ്രായ പരിധി ഇല്ല.
വിവരങ്ങൾക്ക് – 0471 2302523

## ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷ

2018 ജൂലൈയിൽ നടത്തുന്ന ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷയ്ക്കുളള അപേക്ഷകൾ പിഴയില്ലാതെ ജൂൺ 18 വരെയും 50/– രൂപ പിഴയോടു കൂടി ജൂൺ 20 വരെയും 125/– രൂപ പിഴയോടുകൂടി ജൂൺ 22 വരെയും ഫീസ് അടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.എച്ച്.ഡി. കോഴ്സ് വർക്ക്

2018 ജൂലൈയിൽ നടത്തുന്ന പി.എച്ച്.ഡി.കോഴ്സ് വർക്ക് പരീക്ഷയ്ക്കു അപേ ക്ഷ ക്ഷണിക്കുന്നു. അപേക്ഷ ഫാറവും, മറ്റ് വിശദവിവരങ്ങളും സർവ്വകലശാ ലയുടെ വെബ്സൈറ്റിൽ 'ന്യൂസ്' എന്ന ലിങ്കിൽ. (www.keralauniversity.ac.in) ലഭ്യമാണ്.

## പ്രിൻസിപ്പൽമാരുടെ യോഗം മാറ്റി

ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടെയും ജൂൺ 08ന് നടത്താൻ നിശ്ചയിച്ചിരുന്ന യോഗം ജൂൺ 11 ലേക്ക് മാറ്റി. സർക്കാർ/എയ്ഡഡ് കോളേജുകളുടേത് രാവിലെ 10.30-നും , സ്വാശ്രയ/യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി എന്നിവയുടേത് ഉച്ചയ്ക്ക് 1.45-നുമാണ് നടത്തുന്നത്. (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഓൺലൈൻ അപേക്ഷ അവസാന തീയതി ഇന്ന്(08.06.2018)

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2018-ന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 08.06.2018 ആകുന്നു.

തിരുവനന്തപുരം.
07.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098